**No. CEE/3321/2012/NEET (UG) 2013/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

# MBBS/BDS രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് മാറ്റിവച്ചു.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ പ്രവേശനത്തിനായി ആൾ ഇന്ത്യാ ക്വാട്ട യിൽ ഒഴിവ് വന്ന സീറ്റുകളുടെ വിവരം സംസ്ഥാന സർക്കാരുകൾക്ക് ലഭ്യമാക്കുന്നത് 2013 ലെ 737 ാം നമ്പർ സിവിൽ റിട്ട് പെറ്റീഷനിൻമേൽ ബഹു: സുപ്രീം കോടതി 29.08.2013 ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുന്നു. കൂടാതെ ഒഴിവ് വന്ന ആൾ ഇന്ത്യാ ക്വാട്ടാ സീറ്റുകൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നികത്തുന്നത് തടഞ്ഞുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് താഴെപ്പറയുന്ന ഒഴിവുള്ള സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ബഹു: സുപ്രീം കോടതിയുടെ വിധിക്ക് അനുസൃതമായി മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

| **കോളേജുകൾ** | **എം.ബി.ബി.എസ്** | **ബി.ഡി.എസ്** |
|---|---|---|
| സർക്കാർ കോളേജുകൾ | 107 | 19 |
| സർക്കാർ നിയന്ത്രിത സഹകരണ കോളേജുകൾ | 51 | 4 |
| സ്വകാര്യ സ്വാശ്രയ കോളേജുകൾ | 286 | 86 |
| രണ്ടാം ഘട്ടത്തിൽ പുതുതായി ഉൾപ്പെടുത്തിയ സീറ്റുകൾ | 105 | 45 |

തിരുവനന്തപുരം

02.09.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**